(ബി) ഇവയിൽ എത്രയെണ്ണമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 72 എണ്ണം.

(ബി) 21 എണ്ണം.

120 (286) സഹകരണ പെൻഷൻ പദ്ധതി

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പെൻഷൻ പദ്ധതി ജി.ഒ. (പി) 44/95 തീയതി 14.3.1995 ഉത്തരവനുസരിച്ച് കേരളത്തിൽ എത്ര സംഘങ്ങളിലെ എത്ര ജീവനക്കാർക്ക് പെൻഷന് അർഹതയുണ്ട്;

(ബി) എത്ര സംഘങ്ങൾ ഇതുവരെ പദ്ധതിയിൽ ചേർന്നു;

(സി) ഈ പദ്ധതിപ്രകാരം നാളിതുവരെ ബോർഡിന് എത്ര തുക ലഭിച്ചു;

(ഡി) ഇതുപ്രകാരം പ്രതിമാസം എത്രതുക സംഘം വിഹിതം ലഭിക്കും;

(ഇ) എത്രപേർക്ക് എത്രതുക പെൻഷൻ ഇനത്തിൽ നല്കിവരുന്നു;

(എഫ്) പെൻഷൻ ബോർഡിന് പ്രതിമാസം എത്രതുക തൽചെലവ് ഇനത്തിൽ ചെലവുണ്ടാകുന്നുണ്ട്;

(ജി) പെൻഷൻ വിതരണത്തിന് സഹകരണ ഡിപ്പാർട്ടുമെന്റ് സൗജന്യസേവനം നടത്തുന്നുണ്ടോ?

ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതും 1952 ലെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് പ്രൊവിഷൻ ആക്ടിന്റെ പരിധിയിൽ വരാത്തതുമായ 3000 ത്തോളം പ്രാഥമിക സഹകരണസംഘങ്ങളിലെ 20,000 ത്തോളം ജീവനക്കാർക്ക് പെൻഷന് അർഹതയുണ്ടാവുമെന്ന് കണക്കാക്കപ്പെടുന്നു.

(ബി) 31.3.99 വരെ 1758 സംഘങ്ങൾ പെൻഷൻ പദ്ധതിയിൽ ചേർന്നിട്ടുണ്ട്.

(സി) 31.3.99 വരെ 47.07 കോടി രൂപ പെൻഷൻ ഫണ്ട് ഇനത്തിൽ ലഭിച്ചിട്ടുണ്ട്.

(ഡി) അംഗങ്ങളായിട്ടുള്ള 1758 സംഘങ്ങളിൽ നിന്നും പ്രതിമാസം 32.30 ലക്ഷം രൂപ സംഘം വിഹിതമായി ലഭിക്കുന്നുണ്ട്.

(ഇ) 31.3.99 ലെ കണക്കനുസരിച്ച് 700 പേർക്ക് 9.83 ലക്ഷം രൂപ പെൻഷൻ ഇനത്തിൽ പ്രതിമാസം നല്കിവരുന്നു.

(എഫ്) പ്രതിമാസം ശരാശരി 1,21,235 രൂപ വീതം തൽചെലവ് ഇനത്തിൽ 98-99 വർഷം ചെലവായിട്ടുണ്ട്.

(ജി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly